# ഇത്തിബാഉം ജനങ്ങളും

**ഗ്രന്ഥകർത്താവ്:** ശൈഖ് ഫൈസൽ ഇബ്ൻ അലി അൽ ബുഅ്ദാനി
**അവലംബ ഗ്രന്ഥം:** الإتباع على ضوء الوحيين
**വിവർത്തനം:** അബ്ദുൽ ജബ്ബാർ അബ്ദുല്ല

പ്രവാചകൻﷺയെ അനുധാവനം ചെയ്യുന്ന വിഷയത്തിൽ ആളുകളുടെ അവസ്ഥ ഭിന്നമാണ്. ഒരാളും നാലാലൊരു അവസ്ഥയിൽ നിന്ന് മുക്തമല്ല.

1- കൽപനകൾ ശിരസ്സാവഹിച്ച് പ്രവർത്തിക്കുകയും, വിലക്കുകളിൽനിന്ന് വിട്ട് നിൽക്കുകയും ചെയ്യുന്നവർ. മതചിട്ടയുള്ളവരിലെ പരിപൂർണതയും മുത്തകീങ്ങളുടെ ഉത്കൃഷ്ട വിശേഷണവും ഇവരുടേതത്രെ; പ്രവർത്തിക്കുന്നവർക്കുള്ള പ്രതിഫലവും, അനുസരിക്കുന്ന വർക്കുള്ള കൂലിയും അർഹിക്കുന്നവർ ഇവരാണ്.

2- കൽപ്പനകൾ പ്രാവർത്തികമാക്കാതിരിക്കുകയും നിഷിദ്ധങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്നവർ. മുകല്ലഫീങ്ങളുടെ (നിയമബദ്ധർ) അവസ്ഥകളിൽ ഏറ്റവും നികൃഷ്ടവും, അടിയാറുകളുടെ വിശേഷണങ്ങളിൽ ഏറ്റവും ചീത്തയും ഇവരുടേതാണ്. നിഷിദ്ധങ്ങൾ പ്രവർത്തിക്കാൻ മുന്നിട്ടിറങ്ങുന്നവരും കൽപ്പിക്കപ്പെട്ട പുണ്യകർമ്മങ്ങൾ പ്രാവർത്തികമാക്കുന്നതിൽ നിന്ന് അമാന്തം കാണിക്കുകയും ചെയ്യുന്നവർക്കുള്ള ശിക്ഷ അർഹിക്കുന്നവരാണ് ഇവർ.

ഇബ്നു ശുബ്റുമ(റ) പറഞ്ഞു: "രോഗം ഭയന്ന് നല്ല വസ്തുക്കൾ തിന്നുന്നതിൽനിന്ന് തടികാക്കുന്നവർ നരകത്തെ പേടിച്ച് തെറ്റുകളിൽനിന്ന് എങ്ങിനെ തങ്ങളുടെ തടി കാക്കാതിരിക്കും; ഞാൻ അത്ഭുതം കൂറുന്നു"

3- കൽപ്പനകൾ പ്രവർത്തിക്കുന്നതോടൊപ്പം നിഷിദ്ധങ്ങൾ ചെയ്യുന്നവർ. പവിത്രത കൽപ്പിക്കപ്പെട്ടവ ചീന്തിയെറിയാനും അതിർവരമ്പുകൾ ചാടിക്കടക്കാനും ഒരുമ്പെടുന്നവർക്കുള്ള ശിക്ഷ അവർ അർഹിക്കുന്നു. കാരണം, ദേഹേച്ഛ അവനെ അതിജയിച്ചതിനാൽ പാപത്തിലേക്ക് മുന്നിട്ട് അവൻ ദുർഘടത്തിൽ ചാടി; പുണ്യകർമ്മങ്ങൾ ചെയ്യുന്നതിൽ വീഴ്ച വരുത്തുന്നതിൽ നിന്ന് അവൻ രക്ഷപ്പെട്ടുവെങ്കിലും.

4- കൽപ്പനകൾ പ്രാവർത്തികമാക്കാതിരിക്കുകയും നിഷിദ്ധങ്ങൾ ചെയ്യാതിരിക്കുകയും ചെയ്യുന്നവർ. ഇക്കൂട്ടർ കൽപനകൾ കയ്യൊഴിച്ചതിൻെറ ശിക്ഷയർഹിക്കുന്നവരും പുണ്യങ്ങളിൽ അശ്രദ്ധയിലായതിൻെറ കുറ്റം പേറുന്നവരുമത്രെ. [1]

[1] മാവർദി, അദബുദ്ദുൻയാ വദ്ദീൻ 103-105, നദ്റത്തുന്നഈം 7:2673